# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5130

28-10-2016 ൽ മറുപടിയ്ക്ക്

## തുറമുഖങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടെയും ഏകീകരണ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. എം. വിൻസെന്റ് :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. വി. ഡി. സതീശൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടേയും ഏകീകരണ വികസനത്തിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിനു ഇ.ഡി.ഐ സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടത്തിലാണ്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ തുറമുഖമായാണ് വികസിപ്പിച്ചത് 46 കോടി രൂപ മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 763 കോടി രൂപ ചിലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി 381 കോടി രൂപയുടെ പദ്ധതി രൂപ രേഖ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടേയുംവിനോദസഞ്ചാര മേഖലയുടേയും വികസനവുമായി ബന്ധപ്പെട്ട് തീരദേശ യാത്രാ കപ്പൽ ഗതാഗതം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br>വിഴിഞ്ഞം - കൊച്ചി, കൊച്ചി - കോഴിക്കോട് മേഖലകളെ ബന്ധിപ്പിച്ചുകൊണ്ടാണ് പദ്ധതി ആരംഭിക്കുന്നത്. ഇതിന്റെ ആദ്യഘട്ടം കൊച്ചി - |

കോഴിക്കോട് മേഖലകളിലാണ് ആരംഭിക്കുന്നത് . പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മെസേഴ്സ് . സേഫ് ബോട്ട് പ്രൈവറ്റ് ലിമിറ്റഡ് , കൊച്ചി എന്ന സ്വകാര്യ സംരംഭകരുമായി ചേർന്നുകൊണ്ട് തുറമുഖ വകുപ്പ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ആലപ്പുഴ തുറമുഖത്ത് ടൂറിസം വികസനത്തിന്റെ ഭാഗമായി തീരദേശ-ഉൾനാടൻ ജലഗതാഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് "മറീന" പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായുള്ള പാരിസ്ഥിതിക പഠനം നടന്നുവരികയാണ് .

കൊല്ലം തുറമുഖത്ത് വിനോദസഞ്ചാര മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് 21 കോടി രൂപ ചെലവിൽ ഒരു പാസഞ്ചർ ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി മുൻ സർക്കാർ നിയമ നിർമ്മാണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ നിയമം നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിവരിക്കുമോ ?

(ബി) യും (സി) യും

മേൽ പറഞ്ഞവയുമായി ബന്ധപ്പെട്ട് നിയമനിർമ്മാണങ്ങളൊന്നും നടത്തിയിട്ടില്ല. മുൻ സർക്കാർ തുറമുഖ വികസനത്തിന്റെ ഭാഗമായി മാരിടൈം ബോർഡ് ബിൽ സഭയിൽ അവതരിപ്പിച്ചിരുന്നു. സഭ പാസ്സാക്കിയ ബിൽ അംഗീകാരത്തിനായി നിയമ വകുപ്പിൽ നിന്നും ബഹു. പ്രസിഡന്റിന് വീണ്ടും അയിച്ചിരിക്കുകയാണ്.

ഒരു തവണ അപാകതകൾ കാണിച്ച് തിരിച്ചു വരികയും വീണ്ടും അപാകതകൾ പരിഹരിച്ച് നിയമവകുപ്പ് മുഖേന ബഹു. പ്രസിഡന്റിന് അയച്ചിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**